## പതിമൂന്നാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1043 | 13.06.2013- ൽ മറുപടിക്ക് |
|---|---|

### ഹയർ സെക്കന്ററി ലാബ്അസിസ്റ്റന്റുമാർ

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ലതിക | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>വിദ്യാഭ്യാസ വകുപ്പ് മന്ത്രി. |
| (എ) 2010-11-ൽ മലബാർ മേഖലയിൽ അനുവദിച്ച 136 എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് തസ്തിക സൃഷ്ടിച്ച് നിയമ നാംഗീകാരം നൽകി ശമ്പളം നൽകിത്തുട ങ്ങിയത് എന്നുമുതലാണ് എന്നും അതു വരെ അവർക്ക് ദിവസവേതനം നൽകിയി രുന്നുവോ എന്നും വ്യക്തമാക്കുമോ; | (എ) ജി.ഒ(എം.എസ്)നം.211/2011/പൊ.വി.വ തീയതി 24.10.2011 പ്രകാരമാണ് 2010-11 അക്കാഡമിക് വർഷങ്ങളിൽ മലബാർ മേഖലയിൽ അനുവദിച്ച 136 എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ നിന്നും 2011 ഒക്ടോബർ മാസം മുതലുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കോഴിക്കോട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ നിന്നും 2012 ഏപ്രിൽ മാസം മുതൽ മാനേജർമാർ നിയമിച്ച തീയതി വെച്ച് അദ്ധ്യാപകർക്ക് ശമ്പളം നൽകിയിട്ടുണ്ട്. ടി അദ്ധ്യാപകർക്ക് 2011 മാർച്ച് 31 വരെയുള്ള ദിവസവേതനവും നൽകിയിട്ടുണ്ട്. |
| (ബി) ഇതേ സ്കൂളുകളിൽ മാനേജർമാർ നിയമിച്ച ലാബ് അസിസ്റ്റന്റുമാർക്ക് അധ്യാ പകർക്ക് നൽകിയ അതേ മാനദണ്ഡം സ്വീകരിച്ച് നിയമനാംഗീകാരം നൽകാ ത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാ ക്കുമോ? | (ബി) ഹയർസെക്കന്ററി സ്കൂളുകളിൽ 272 ലാബ് അസിസ്റ്റന്റുമാരുടെ തസ്തികകൾ സൃഷ്ടിച്ചത് 23.02.2013 തീയതിയായി പുറത്തിറക്കിയ സ.ഉ(എം.എസ്)നം.76/2013/ പൊ.വി.വ പ്രകാരവും 15.05.2013ലെ ജി.ഒ(എം.എസ്)നം.165/13/പൊ.വി.വ പ്രകാരവും ആണ്. ആയത് പ്രകാരം പ്രസ്തുത തീയതി മുതൽ ലാബ് അസിസ്റ്റന്റുമാരുടെ നിയമനാംഗീകാര ത്തിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ